## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2111

17/6/2014-ൽ മറുപടിക്ക്

### ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന് കീഴിലുള്ള വ്യവസായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന് കീഴിലുള്ള വ്യവസായങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് 2 തരം തൊഴിൽദാന പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. അവ താഴെ ചേർക്കുന്നു. "പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതിയും (PMEGP)"," സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അഥവാ എന്റെ ഗ്രാമം പദ്ധതിയും. " PMEGP പദ്ധതിയിൽ ജനറൽ വിഭാഗത്തിന് പദ്ധതി ചെലവിന്റെ 25 ശതമാനവും പട്ടികജാതി/പട്ടികവർഗ്ഗം, സ്ത്രീകൾ, വിമുക്ത ഭടന്മാർ/വികലാംഗർ തുടങ്ങിയവർക്ക് 35 ശതമാനവും മാർജിൻ മണിയായി (സബ്സിഡി) ലഭിക്കുന്നു.<br><br>എന്റെ ഗ്രാമം പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 25%, പിന്നോക്ക വിഭാഗങ്ങൾക്കുംസ്ത്രീകൾക്കും 30%, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 40% മാർജിൻ മണിയായി ആനുകൂല്യം ലഭിക്കുന്നു. ഈ സ്കീം പ്രകാരം യൂണിറ്റു നടത്തുന്നവർക്ക് വില്പന നികുതിയിളവ് ആനുകൂല്യം നൽകുന്നുണ്ട് കൂടാതെ ഈ യൂണിറ്റുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ ഖാദിബോർഡിന്റെ sales outlets വഴി വില്പന നടത്താൻ അവസരമൊരുക്കുന്നു. |

(ബി) ഏതെല്ലാം വ്യവസായങ്ങളാണ് പ്രസ്തുത പരിധിയിൽ വരുന്നത്;

(ബി) ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ നെഗറ്റീവ് ലിസ്റ്റിൽപ്പെടുത്തിയിരിക്കുന്ന വ്യവസായങ്ങൾ ഒഴികെയുള്ള വ്യവസായങ്ങൾ പ്രസ്തുത പരിധിയിൽ വരുന്നവയാണ്.

(സി) വ്യവസായങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പ് ഏതെല്ലാം മാനദണ്ഡങ്ങളാണ് പരിശോധിക്കുന്നതെന്നും ആരാണ് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതെന്നും വെളിപ്പെടുത്തുമോ?

(സി) പത്തു ലക്ഷം രൂപ വരെയുള്ള വ്യവസായങ്ങൾക്കുള്ള അപേക്ഷകൾക്ക് 7-ാം ക്ലാസ്സ് പാസ്സായിരിക്കണം. മാർജിൻ മണിയുടെ ആനുകൂല്യം ലഭിക്കണമെങ്കിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം. 18 വയസ് മുതൽ 60 വയസു പ്രായമുള്ളവർക്ക് വ്യവസായം തുടങ്ങാം. ഇതിനു മുമ്പ് ബോർഡിൽ നിന്ന് മറ്റേതെങ്കിലും സാമ്പത്തിക സഹായം സ്വീകരിച്ചവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല എന്നീ മാനദണ്ഡങ്ങളാണ് പരിശോധിക്കുന്നത്. ജില്ലാ കളക്ടർ അംഗമായുള്ള ടാസ്ക് ഫോഴ്സ് കമ്മിറ്റി പി.എം.ഇ.ജി.പി.യുടെ കാര്യത്തിലും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അംഗമായിട്ടുള്ള ടാസ്ക് ഫോഴ്സ് കമ്മിറ്റി എന്റെ ഗ്രാമം പദ്ധതിയുടെ കാര്യത്തിലും മാനദണ്ഡങ്ങൾ പരിശോധിച്ച് നടപ്പിൽ വരുത്തുന്നു.

Omaden

സെക്ഷൻ ഓഫീസർ